യേമധുച്ഛന്ദസോ ജ്യേഷ്ഠാ: കുശലം മേനിരേ ന തത്
അശപത് താൻമുനി: ക്രുദ്ധോ മ്ലേച്ഛാ ഭവത ദുർജ്ജനാ: **(9-16-33)**
സഹോവാച മധുച്ഛന്ദാ: സാർദ്ധം പഞ്ചാശതാ തത:
യന്നോ ഭവാൻ സംജാനീതേ തസ്മിം സ്തിഷ്ഠാമഹേ വയം **(9-16-34)**
ജ്യേഷ്ഠം മന്ത്രദൃശം ചക്രുസ്ത്വാമന്വഞ്ചോ വയം സ്മ ഹി
വിശ്വാമിത്ര: സുതാനാഹ വീരവന്തോ ഭവിഷ്യഥ
യേ മാനം മേƒനു ഗൃഹ്ണന്തോ വീരവന്തമകർത്ത മാം. **(9-16-35)**

*ശുകമുനി തുടർന്നു:*
പരശുരാമൻ ഒരു കൊല്ലം തീർത്ഥാടനം നടത്തി അച്ഛൻെറ ആശ്രമത്തിൽ തിരിച്ചെത്തി. ഒരു ദിവസം പരശുരാമൻെറ അമ്മ രേണുക കുളിക്കുമ്പോൾ നദിയിൽ ഒരു ഗന്ധർവ്വൻ അപ്സരകന്യകളോടൊത്ത് ക്രീഡിക്കുന്നതു കണ്ടു. ഇത്രയധികം സൗന്ദര്യമുളള ഗന്ധർവ്വനെ കണ്ട് രേണുകയുടെ മനസ്സ് ചഞ്ചലപ്പെട്ടു. എന്നാൽ ഉടനെ ആശ്രമത്തിലേക്ക് മടങ്ങുകയും ചെയ്തു. ജമദഗ്നിമുനിക്ക് ഭാര്യയുടെ മനസ്സിൽ ഉണ്ടായ ചഞ്ചലത്തെപ്പറ്റി അറിവുണ്ടായി. പാപിക്ക് ശിക്ഷ നൽകാൻ അദ്ദേഹം തൻെറ പുത്രൻമാരോടാഞ്ജാപിച്ചു. പരശുരാമനു മാത്രമെ അതിനു ധൈര്യമുണ്ടായുള്ളു. പരശുരാമൻ അമ്മയുടെ തല വെട്ടി. മകനോട് സംപ്രീതനായ മുനി എന്തു വരമാണ് വേണ്ടതെന്ന് ചോദിച്ചപ്പോൾ തൻെറ അമ്മയെ ജീവിപ്പിക്കണമെന്നും കൊലപാതകക്കാര്യം അമ്മ ഓർമ്മിക്കാനിടവരരുതെന്നും പരശുരാമൻ ആവശ്യപ്പെട്ടു. വരം ഉടനേ തന്നെ നൽകപ്പെട്ടു.

അർജുനൻെറ മക്കൾ തങ്ങളുടെ അച്ഛനെ കൊന്നതിൻെറ പ്രതികാരം വീട്ടാൻ തക്കം പാർത്തിരുന്നു. ഒരു ദിവസം പരശുരാമൻ ആശ്രമത്തിലില്ലാതിരുന്നപ്പോൾ അവർ അവിടെ കയറി ജമദഗ്നിമുനിയെ കൊന്നു കളഞ്ഞു. വാവിട്ട് കരഞ്ഞ രേണുകയുടെ സ്വരം കേട്ട് ഓടിയെത്തിയ പരശുരാമൻ മരിച്ചുവീണ അച്ഛനെയാണ് കണ്ടത്. മഴുവുമെടുത്ത് പരശുരാമൻ അർജുനൻെറ തലസ്ഥാനനഗരിയായ മാഹിസ്മതീയിൽ ചെന്ന് താനറുത്തെടുത്ത യുദ്ധവീരൻമാരുടെ തലകൾക്കൊണ്ടൊരു പർവ്വതം തന്നെ യുണ്ടാക്കി. മരിച്ചുവീണവരുടെ ചോരകൊണ്ടവിടെയൊരു പുഴ തന്നെയൊഴുകി. എന്നിട്ടും പരശുരാമൻെറ കോപം ശമിച്ചിരുന്നില്ല. അച്ഛനെ കൊന്നതിൻെറ പ്രതികാരമെന്ന ന്യായത്തിൽ എല്ലാ ക്ഷത്രിയരേയും ദുഷ്ടരെന്നു കണക്കാക്കി അവരെ ഇരുപത്തൊന്നുവട്ടം സമൂലം നശിപ്പിക്കാൻ പരശുരാമൻ തിരുമാനിച്ചു. പരശുരാമൻ അച്ഛൻെറ ഉടലും തലയും ചേർത്തുവച്ചു എന്നിട്ട് യാഗാഗ്നിക്ക് സമീപം വച്ച് ഭഗവൽപ്രീതി വരുത്തി. യാഗാവസാനം തൻെറ കയ്യിലുണ്ടായിരുന്ന സമ്പത്തെല്ലാം യാഗപുരോഹിതർക്ക് ദാനമായി നൽകി. അങ്ങിനെ രാജാക്കൻമാരെക്കൊന്ന പാപത്തിൽ നിന്ന് ശുദ്ധിനേടുകയും അശുഭമരണത്തിൽനിന്നുണ്ടാവുന്ന പ്രത്യാഘാതങ്ങളിൽ നിന്ന് ജമദഗ്നിമുനിക്ക് മോചനമുണ്ടാവുകയും ചെയ്തു. ശരീരം പൂർണ്ണമായി പുന:സ്ഥാപിക്കുകയും ആത്മീയവൽക്കരിക്കുകയും ചെയ്ത് അദ്ദേഹം സപ്തർഷികളിലൊരാളായി വിശ്വത്തെ സംരക്ഷിക്കുന്നു. പരശുരാമൻ മഹേന്ദ്രപർവ്വതത്തിൽ ഇപ്പോഴും കഴിയുന്നു. അടുത്ത ലോകചക്രത്തിൽ അദ്ദേഹമൊരു ഋഷിയായിരിക്കും. ഗാധിക്ക് വിശ്വാമിത്രനെന്ന പേരിൽ ഒരു പുത്രനുണ്ടായിരുന്നു. അദ്ദേഹത്തിന് മധുച്ഛന്ദൻമാരെന്നറിയപ്പെടുന്ന നൂറ്റിയൊന്ന് പുത്രൻമാരുണ്ടായിരുന്നു. അദ്ദേഹം അജീഗർത്തൻെറ മകൻ ശുനശേപനെ ദത്തെടുക്കുകയും അവനെ കനിഷ്ടപുത്രനാക്കി വാഴിക്കുകയും ചെയ്തു. ഒരു ദിവസം ശുനശേപനെ യാഗബലിക്കായി ഹരിശ്ചന്ദ്രൻ തയ്യാറാക്കിയിരുന്നു. എന്നാൽ വിശ്വാമിത്രൻെറ നിർദ്ദേശപ്രകാരം ദേവതകളെ പ്രീതിപ്പെടുത്തി ശുനശേപനെ രക്ഷിക്കുകയുണ്ടായി. വിശ്വാമിത്രൻെറ മക്കളിൽ അമ്പതുപേർ ശുനശേപനെ മൂത്തജ്യേഷ്ഠനായി അംഗീകരിക്കാൻ തയ്യാറായില്ല. മുനി അവരെ ചണ്ഡാളൻമാരാവാൻ ശപിച്ചു. ബാക്കി അമ്പത്തൊന്നു പേർ ഋഷിയുടെ തീരുമാനം ശിരസാവഹിച്ചു. അവരെ മുനി വീരയോദ്ധാക്കളുടെ പിതാക്കളാവാൻ അനുഗ്രഹിച്ചു. ഇങ്ങിനെ വിശ്വാമിത്രൻെറ കുലം നിലവിൽ വന്നു.

***ഇസ്രായേലിൽ ഹസർ എന്ന സ്ഥലത്ത് പുരാവസ്തുഗവേഷകർ കണ്ടെടുത്ത ഒരു പുരാതനനഗരിയിൽ ഇരുപത്തൊന്നു തവണ അതു നശിപ്പിക്കപ്പെട്ടതിൻെറ തെളിവുകളുണ്ട്.***